# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *197 – 06/12/2018 -ലെ മറുപടിക്ക്

### പ്രളയക്കെടുതിയിൽപ്പെട്ട ചെറുകിട കച്ചവടക്കാർക്കുള്ള സഹായം

ചോദ്യം

ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. റോജി എം. ജോൺ
ശ്രീ. ഹൈബി ഈഡൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയക്കെടുതിയിൽപ്പെട്ട ചെറുകിട കച്ചവടക്കാരെ സഹായിക്കുന്നതിന് വായ്പ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | പ്രളയ ദുരിതത്തിൽപെട്ട വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കെ.എഫ്.സി. വഴി കുറഞ്ഞനിരക്കിലുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം യൂണിറ്റിന്റെ യന്ത്രങ്ങൾ മാറ്റുക, കേടുപാടുകൾ തീർക്കുക, മെയിന്റനൻസ് കോസ്റ്റ്, പ്രവർത്തന മൂലധനം എന്നിവയ്ക്ക് ആവശ്യമായ തുകയുടെ 90% വരെ വായ്പയായി അനുവദിക്കും.<br>ഇതുകൂടാതെ ദുരന്തത്തിനിരയായ ചെറുകിട കച്ചവടക്കാരുടെ വായ്പകൾക്ക് മൊറട്ടോറിയവും പുനഃക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലയളവും അധിക വായ്പയും ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ സഹകരണത്തോടുകൂടി ബാങ്കുകൾ വഴി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ ഒരു സ്ഥാപനത്തിനും എറണാകുളം ജില്ലയിൽ രണ്ടു സ്ഥാപനങ്ങൾക്കും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന വായ്പാ സഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി | ഇക്കൂട്ടരുടെ വിവരങ്ങൾ ധനവകുപ്പിന്റെ പക്കൽ ലഭ്യമാണോ; | |
| സി | വായ്പയായി നൽകാൻ ഉദ്ദേശിക്കുന്ന തുക വ്യക്തമാക്കുമോ; | |
| ഡി | ഏതെങ്കിലും ജില്ലകളിലെ ചെറുകിട കച്ചവടക്കാർക്ക് വായ്പ സഹായം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ